**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ന്റെ കോഴിക്കോട് ജില്ലയിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ പണി എത്ര ശതമാനം പൂർത്തിയായി എന്ന് വിശദമാക്കാമോ; | (എ) | ദേശീയപാത അതോറിറ്റി റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദേശീയപാതയുടെ സർവീസ് റോഡുകൾ നിശ്ചയിച്ച വീതിയിൽ നിർമ്മിക്കാത്തത് പല സ്ഥലത്തും ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ദേശീയപാത 66 ന്റെ നിർമ്മാണ കരാർ പ്രകാരം 7 മീറ്റർ വീതിയുള്ള സർവീസ് റോഡുകളാണ് നിർമ്മിക്കേണ്ടത്. എന്നാൽ ചില ഭാഗങ്ങളിൽ ഭൂമി ലഭ്യതക്കുറവ് മൂലം കുറഞ്ഞ വീതിയിൽ മാത്രമേ സർവീസ് റോഡ് നിർമ്മിക്കാൻ സാധിച്ചിട്ടുള്ളൂ. അത്തരം ഭാഗങ്ങളിൽ അധിക ഭൂമി ഏറ്റെടുത്ത് സർവീസ് റോഡിന് വീതി കൂട്ടുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | കോഴിക്കോട് (സൗത്ത്) മണ്ഡലത്തിൽ നെല്ലിക്കോട്-പാലാഴി തുടങ്ങിയ പ്രദേശങ്ങളിൽ വീതി കുറവ് മൂലം ബസുകൾക്ക് സർവീസ് നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl. No. | Project Name | Physical Progress till August 2025 |
|---|---|---|
| 1. | Six laning of Kozhikode Bypass from Vengalam Jn to Ramanattukara Jn.(Km 230.400 to Km. 258.800)(Design Chainage) in the State of Kerala (NH-66) | 96.37 % |
| 2. | Balance work of widening of 4 nos existing 2 Lane major Bridge of Six-laning of Kozhikode Bypass (Calicut Bypass) (i.e. Vengalam Jn. to Ramanattukara Jn.) | 39 % |
| 3. | Construction of Six lane Minor Bridge (Paloli Palam) at Km 203.160, Major Bridge (Moorad) at Km 204.895 & allied works like 6 lane Main Carriageway with Service Road for the section Km.203.000 to Km.205.100 (length of 2.1 Km) | Work Completed on 30.06.2024. CC Pending |
| 4. | Six Laning of Azhiyur to Vengalam section from Ch. 189.200 (existing km 188.000) to Ch. 232.100 (existing Km 230.400) (Total length 40.8 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojna. (NH-66) | 58.35 % |
| 5 | 4-laning of Thalassery - Mahe Bypass from Muzhipilangadu (Km. 170.600) to Azhiyur (Km. 188.000) | PCC issued w.e.f from 01.03.2024. CC Pending |